# ലോഗോസ് പഠന സഹായി - 2022

## ജോഷ്വ 1-12

ഇസ്രായേൽ ജനം വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാനുള്ള സമയമായി. നാൽപ്പതുവർഷം മുമ്പ് ഈജിപ്ത് വിട്ടവരിൽ കാലെബും ജോഷ്വായും ഒഴിച്ചുള്ളവർ മരുഭൂമിയിൽ വച്ച് മരണമടഞ്ഞു. മരുഭൂമിയിലൂടെയുള്ള ഈ യാത്രയിൽ ഒരു പുതിയ തലമുറ രൂപം കൊണ്ടു. അനുഷ്ഠിക്കേണ്ട നിയമങ്ങളെക്കുറിച്ചും ബലികളെക്കുറിച്ചുമെല്ലാം മരിക്കുന്നതിനുമുമ്പ് മോശ നിർദ്ദേശങ്ങൾ നൽകിയിരുന്നു. വാഗ്ദത്തഭൂമിയിലേക്ക് ജനത്തെനയിക്കേണ്ട ദൗത്യം ജോഷ്വാ ഏറ്റെടുത്തു. വാഗ്ദത്തഭൂമിയിലേക്കു ദൈവജനത്തെ പ്രവേശിപ്പിക്കുന്നതിനോ അവിടെ കാലുകുത്തുന്നതിനോ ദൈവം മോശയെ അനുവദിച്ചില്ല. ദൂരെനിന്നു ദേശം നോക്കിക്കാണാൻ മാത്രമേ അദ്ദേഹത്തിനു സാധിച്ചുള്ളൂ. എന്നാൽ വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം വാഗ്ദത്തഭൂമി ഇസ്രായേൽജനത്തിനു നൽകുകതന്നെ ചെയ്തു. മോശയുടെ പിൻഗാമിയായി ദൈവം തിരഞ്ഞെടുത്തത് ജോഷ്വയെയാണ്. കാനാൻദേശം കൈയടക്കുക, അത് ഇസ്രായേൽ ഗോത്രങ്ങൾക്കു ഭാഗിച്ചു കൊടുക്കുക എന്നീ ശ്രമകരമായ രണ്ടു ദൗത്യങ്ങളാണ് ജോഷ്വ നിർവഹിക്കേണ്ടിയിരുന്നത്. ഈ ദൗത്യനിർവഹണത്തിൻെറ ചരിത്രമാണ് ജോഷ്വയുടെ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നത്. ഇസ്രായേൽ ജനത്തിന്റെ ചരിത്രം ക്രോഡീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടിട്ടുള്ളത്.

വാഗ്ദത്തഭൂമി കരസ്ഥമാക്കാൻ ഇസ്രായേൽ ജനത്തെ നയിച്ച ജോഷ്വയുടെ പേരിലാണ് ഗ്രന്ഥം അറിയപ്പെടുന്നത്. മോശയുടെ പിൻഗാമിയാകാനുള്ള തന്റെ യോഗ്യത ധീരതയിലൂടെ ജോഷ്വ പ്രകടമാക്കി. കാനാൻദേശം ഒറ്റുനോക്കാൻ മോശ അയച്ചവരിൽ ജോഷ്വയും കാലെബും മാത്രമേ അവസരത്തിനൊത്തുയർന്നുള്ളു. വാഗ്ദത്തനാട്ടിൽ പ്രവേശിച്ചതിന്റെയും വിവിധ ഗോത്രങ്ങൾക്കു വാഗ്ദത്തഭൂമിഭാഗിച്ചു കൊടുത്തതിന്റെയും ഇസ്രയേൽജനം അവിടെ താമസമുറപ്പിച്ചതിന്റെയും ചരിത്ര പശ്ചാത്തലമാണ്ജോഷ്വാഎന്ന ഗ്രന്ഥത്തിലുള്ളത്. മോശയുടെ മരണം മുതൽ ജോഷ്വായുടെ മരണം വരെയുള്ള സംഭവങ്ങളാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. ജോഷ്വായുടെ യഥാർത്ഥനാമം പരിത്രാണമെന്ന് (രക്ഷ) അർത്ഥം വരുന്ന ഹോഷെയാ (സംഖ്യ 13:8 ; നിയ 32:44) എന്നാണ്. മരുഭൂമിയിൽ ചുറ്റിത്തിരിയവേ, മോശ അവന്റെ പേരുമാറ്റി. യാഹ്‌വെയാണ് പരിത്രാണം എന്നർത്ഥം വരുന്ന യഹോഷുആ (ജോഷ്വാ) എന്നായിരുന്നു ആ പേരുമാറ്റം (സംഖ്യ 13:16). നൂനിന്റെ പുത്രനായ യഹോഷുആ എന്നാണ് അറിയപ്പെടുന്നത്. ആ പേരാണ് ആധുനികഭാഷകളിൽ ജോഷ്വാ എന്ന് വിവർത്തനം ചെയ്യുന്നത് (സംഖ്യ 13:16). ഇസ്രായേലിന്റെ യഥാർഥരക്ഷകൻ യാഹ്‌വേയാണ് എന്ന് ദ്യോതിപ്പിക്കുന്ന പേരാണ് യഹോഷുആ എന്നത്. ഗ്രീക്ക് ഭാഷയിലേക്ക് ഈ പുസ്തകം വിവർത്തനം ചെയ്തവർ യഹോഷുആ എന്നപേര് യേസൂസ് എന്നാണ് വിവർത്തനം ചെയതത്. പുതിയനിയമത്തിൽ രക്ഷകനായി അവതരിച്ച ദൈവപുത്രനെവിളിക്കുന്നപേരും യേസൂസ് എന്നാണ്. സുറിയാനി വിവർത്തനത്തിലും അറമായ ഭാഷയിലും ഈശോ എന്നാണ് ജോഷ്വാ എന്നപേര് വിവർത്തനം ചെയ്തിരിക്കുന്നത്.

### ഗ്രന്ഥകാരൻ

യഹൂദരുടെ താൽമുദിൽ പറയുന്നത് ജോഷ്വ തന്നെയാണ് ഗ്രന്ഥം രചിച്ചിട്ടുള്ളതെന്നാണ്. അവസാനഭാഗങ്ങൾ മുഖ്യപുരോഹിതനായ എലെയാസറാണ് രചിച്ചത്. സമാപ്തഭാഗമാകട്ടെ, എലെയാസറിന്റെ മകനും പിൻഗാമിയുമായ മുഖ്യപുരോഹിതനായ ഫിനെഹാസാണ് രചിച്ചത്. (ജോഷ്വാ 24, 32-33). ആധുനിക കാലത്തെ പഠനങ്ങൾ അനുസരിച്ച്, എഴുതപ്പെട്ടിരുന്ന രേഖകളും വായ്മൊഴിയായി കൈമാറിയിരുന്നതുമായ പാരമ്പര്യങ്ങളും ശേഖരിച്ച് ബി.സി. ആറാംനൂറ്റാണ്ടിൽ നിയമാവർത്തന ചരിത്രകാരന്മാരാണ് ഗ്രന്ഥകാരൻ ജോഷ്വയുടെ ഗ്രന്ഥത്തിന് അന്തിമരൂപം നൽകിയത്.

### ലക്ഷ്യവും പ്രമേയവും

ദൈവം തന്റെ വാഗ്ദാനം നിറവേറ്റുമെന്ന് ഈ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. ആദർശപരമായ ഇസ്രയേലിനെയും അതിന്റെ നേതൃത്വത്തെയും ജോഷ്വാ വരച്ചുകാട്ടുന്നു. ആശയറ്റ ജനത്തിനു പ്രത്യാശ നൽകുകയും ദൈവത്തിൻെറ വിശ്വസ്തത അവരെ ബോധ്യപ്പെടുത്തുകയുമാണ് ഗ്രന്ഥകാരൻെറ ലക്ഷ്യം.

വാഗ്ദത്തഭൂമി വീണ്ടെടുക്കാൻ കർത്താവിന്റെ നിർദ്ദേശമനുസരിച്ച് എങ്ങനെയാണ് ഇസ്രയേൽ ജനം വാഗ്ദത്തനാട്ടിൽ താമസമുറപ്പിച്ചതെന്ന് ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു. കർത്താവിനെ അനുസരിച്ചില്ലെങ്കിൽ

അവർക്കു വാഗ്ദത്തഭൂമി നഷ്ടപ്പെടുമായിരുന്നു. ജോഷ എന്ന ഗ്രന്ഥത്തിലെ വിവരണത്തിൽ അബ്രഹാമിനു കർത്താവ് നൽകിയ വാഗ്ദാനം പാലിക്കപ്പെട്ടതിനെക്കുറിച്ചുള്ള ചിത്രീകരണമാണുള്ളത്. വാഗ്ദത്തഭൂമി അവന്റെ സന്തതി പരമ്പരകൾക്കു നൽകുമെന്നു ഉത്പ. 12; 7; 15,7 എന്നീ വാക്യങ്ങളിലും അബ്രാമിനെ വലിയൊരു ജനതയാക്കുമെന്നു ഉത്പ. 12, 2-ലും പറയുന്നത് പൂർത്തിയാകുന്നത്.ജോഷയിലാണ് ഇസ്രായേൽ ജനതയുടെ ഈജിപ്തിൽ നിന്നുള്ള മോചനം സമ്പൂർണ്ണമാകുന്നത്.

ബാബിലോണിയൻ പ്രവാസകാലത്ത് ഇസ്രായേൽ ജനതയ്ക്ക് പ്രത്യാശ നൽകുകയെന്നതാകാം ജോഷ എന്ന ഗ്രന്ഥം രചിച്ചവരുടെ ലക്ഷ്യമെന്നു കരുതാവുന്നതാണ്. അവർക്കു പിന്തുടർച്ചാവകാശമായി ലഭിച്ച വാഗ്ദത്തഭൂമി ജോഷ്വായുടെ നേതൃത്വത്തിൽ വീണ്ടെടുത്തത് ബാബിലോണിയൻ പ്രവാസകാലത്ത് ഇസ്രായേൽ ജനതയ്ക്ക് അവരുടെ ദേശം അവർക്ക് വീണ്ടെടുക്കാനാകുമെന്ന ഓർമ്മപ്പെടുത്തലായി മാറുന്നു. ഇസ്രയേലിനോടു ദൈവം പ്രകടിപ്പിച്ച വിശ്വസ്തതയെക്കുറിച്ച് ഈ ഗ്രന്ഥം സാക്ഷ്യം നൽകുന്നു. (കാണുക. ഉത്പ. 15:18, ജോഷ്വാ 1:26-6, 21:43-45) വാഗ്ദത്തഭൂമിയുടെ അവകാശം കരഗതമാകുന്നത് ദൈവത്തിന്റെ വിശ്വസ്തതയാണെങ്കിൽ, ആ ദേശത്ത് വസിക്കേണ്ടതിന് ഇസ്രയേൽ ദൈവത്തോടു വിശ്വസ്തർ ആയിരിക്കേണ്ടിയിരുന്നു. (കാണുക: നിയ. 30:20)ദേശം പിന്തുടർച്ചാവകാശമായി സ്വന്തമാക്കുകയെന്നത്, പുതിയനിയമത്തിലാകട്ടെ, രക്ഷാകരകർമ്മത്തിലൂടെ ആത്മീയ അനുഗ്രഹങ്ങൾ പ്രാപിക്കുകയെന്നതിനുള്ള പദപ്രയോഗമായും മാറി.

## ഗ്രന്ഥത്തിന്റെ ഘടന

ജോഷ എന്ന ഗ്രന്ഥം പ്രാഥമികമായും മൂന്ന് ഭാഗങ്ങളായാണ് വിഭജിച്ചിട്ടുള്ളത്. വാഗദത്ത്ഭൂമിയിൽ പ്രവേശിക്കുന്നു, വാഗ്ദത്ത ഭൂമി കീഴടക്കുന്നു, വാഗ്ദത്ത ഭൂമി വിഭജിച്ചുനൽകുന്നു, കൂടാതെ ഗ്രന്ഥത്തിന്റെ സമാപ്തവാക്യങ്ങളും, ജോഷ്വായുടെ മരണവേളയുടെ ചിത്രീകരണവും ഉണ്ട്.

1 **വാഗ്ദത്തഭൂമിയിൽ പ്രവേശിക്കുന്നു. (അധ്യാ. 1-5)**

അധ്യാ. 1. നിയമാവർത്തനപരമായ ആമുഖ പ്രഭാഷണം

അധ്യാ. 2. ജെറീക്കോയിലേക്കു ചാരന്മാർ, റാഹാബ് എന്ന വേശ്യയും

അധ്യാ. 3-4 ജോർദ്ദാൻ കടക്കുന്നു

അധ്യാ. 5 പരിച്ഛേദനവും പെസഹായും

2.. **ദേശം ആക്രമിച്ചു കീഴടക്കുന്നു. (അധ്യാ. 6-12)**

അധ്യാ. 6 ജറീക്കോയുടെ പതനം

അധ്യാ. 7-8 ആയ് പിടിച്ചടക്കുന്നു.

അധ്യാ. 9 ഗിബയോൻകാരുമായി ഉടമ്പടി

അധ്യാ. 10 ദക്ഷിണദേശത്തെ രാജാക്കന്മാരുടെ പരാജയം

അധ്യാ. 11 ദക്ഷിണദേശത്തെ രാജാക്കന്മാരുടെ പരാജയം

അധ്യാ. 12 കീഴടക്കിയ രാജാക്കന്മാരുടെ പട്ടിക

3.. **ദേശം ഭാഗിച്ചു നൽകുന്നു. (അധ്യാ. 13-22)**

അധ്യാ. 13-19 ഗോത്രങ്ങൾക്കു ഭൂമി വീതിച്ചു നൽകുന്നു.

അധ്യാ. 20-21 അഭയനഗരങ്ങളും ലേവ്യരുടെ പട്ടണങ്ങളും

അധ്യാ. 22 ജോർദ്ദാനപ്പുറമുള്ള ഗോത്രങ്ങൾ മടങ്ങിവരുന്നു.

4. **സമാപനം (അധ്യാ. 23-24)**

അധ്യാ. 23 ജോഷ്വായുടെ വിടവാങ്ങൽ പ്രഭാഷണം

അധ്യാ. 24 ഷെക്കെമിലെ ഉടമ്പടി നവീകരണം

ജോഷ്വായുടെ ആദ്യകാലചരിത്രം

1. ബാലനായിരുന്നപ്പോൾ തന്നെ ജോഷ്വാ മോശയുടെ ശുശ്രൂഷകനായി ഒപ്പമുണ്ടായിരുന്നു. ഇസ്രായേൽസേനയുടെ സൈന്യാധിപനുമായിരുന്നു (സംഖ്യ 11:28, പുറ. 17:9-10).

2. സീനായ് മലയിൽ മോശ ദൈവത്തോടൊപ്പമായിരുന്നു നാൽപ്പതുദിവസവും ജോഷ്വാ മലയുടെ ഓരത്ത് കാത്തുനിന്നിരുന്നു (പുറ. 32:33).

3. ദൈവം വസിച്ചിരുന്ന പേടകം സൂക്ഷിച്ചിരുന്ന സമാഗമകൂടാരത്തിനു പുറത്ത് ജോഷ്വാ കാവൽ നിന്നിരുന്നു (പുറ 33,11).

4. യാക്കോബ് - ഇസ്രായേലിന്റെ മകനായ ജോസഫിന്റെ പിന്തുടർച്ചക്കാരനാണ് ജോഷ്വാ, എഫ്രായിം ഗോത്രക്കാരനായ നൂനിന്റെ മകനായിരുന്ന ജോഷ്വായടക്കം പന്ത്രണ്ടുപേരെയാണ് മോശ വാഗ്ദത്തദേശം ഒറ്റുനോക്കി വിവരണങ്ങൾ ശേഖരിക്കാനായി അയച്ചത്. (സംഖ്യ 13)

5. ഹോഷെയാ എന്നർത്ഥമുള്ള പേര് (പരിത്രാണം, അഥവാ രക്ഷിക്കപ്പെട്ടവൻ) യഹോഷുആ എന്ന് മോശ മാറ്റി. (യാഹ്വെ രക്ഷിക്കുന്ന എന്നർത്ഥം) സംഖ്യ 13:16

6. യൂദാ ഗോത്രത്തിൽ നിന്നുള്ള കാലെബും എഫ്രായിം ഗോത്രത്തിൽ നിന്നുള്ള ജോഷ്വായും മാത്രമാണ് ദൈവം നൽകിയ വാഗ്ദാനത്തിൽ വിശ്വസിച്ചത്. അവർ തന്നെയാണ് വാഗ്ദത്തദേശം ഇസ്രായേൽ ജനത്തിന് അധിവസിക്കാൻ യോഗ്യമാണെന്നറിയിച്ചത് (സംഖ്യ 14:7-9)

7. പുറപ്പാടിന്റെ കാലത്ത് ജീവിച്ചിരുന്ന കാലെബും ജോഷ്വായും മാത്രമാണ് വാഗ്ദത്തദേശം കാണാൻ ജീവിച്ചിരിക്കുന്നുവെന്ന് അവരുടെ വിശ്വാസത്തിന്റെ ദൃഢതകളറിഞ്ഞ കർത്താവ് പ്രഖ്യാപിക്കുന്നു (സംഖ്യ 14,30).

8. ദൈവം തെരഞ്ഞെടുത്ത തന്റെ പിൻഗാമി ജോഷ്വായാണെന്നു മോശ പ്രഖ്യാപിച്ചു. (സംഖ്യ 27, 18-22)

9. ജനങ്ങളുടെ നേതാവായി ജോഷ്വായെ മുഖ്യപുരോഹിതൻ അഭിഷേകം ചെയ്തതിനുശേഷം, ദൈവീക ജ്ഞാനത്തിന്റെ ആത്മാവ് നിറഞ്ഞ മോശ ജോഷ്വായുടെ ശിരസ്സിൽ കൈവച്ചു (സംഖ്യ27,18-22, നിയ 34,9).

10. ജോഷ്വായോട് യാഹ്വെ വ്യക്തിപരമായി തന്നെ സംസാരിക്കുന്നുണ്ട്. വാഗ്ദത്തഭൂമിയായ കാനാൻ ദേശം കീഴടക്കാൻ ജോഷ്വായോട് കർത്താവ് കൽപ്പിക്കുന്നു. മോശ കർത്താവിനോടൊപ്പമായിരുന്നതു കൊണ്ട് ജോഷ്വായോടൊപ്പം കർത്താവുണ്ടായിരുന്നു. (ജോഷ്വാ 1:1)

ഇസ്രായേൽ ജനം വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാനുള്ള സമയമായി. നാൽപ്പതുവർഷം മുമ്പ് ഈജിപ്ത് വിട്ടവരിൽ കാലെബും ജോഷ്വായും ഒഴിച്ചുള്ളവർ മരുഭൂമിയിൽ വച്ച് മരണമടഞ്ഞു. വിജന പ്രദേശങ്ങളിലൂടെയുള്ള ഈ യാത്രയിൽ ഒരു പുതിയ തലമുറ രൂപം കൊണ്ടു. അനുഷ്ഠിക്കേണ്ട നിയമങ്ങളെക്കുറിച്ചും ബലികളെക്കുറിച്ചുമെല്ലാം മരിക്കുന്നതിനുമുമ്പ് മോശ നിർദ്ദേശങ്ങൾ നൽകിയിരുന്നു. വാഗ്ദത്തഭൂമിയിലേക്ക് ജനത്തെനയിക്കേണ്ട ദൗത്യം ജോഷ്വാ ഏറ്റെടുത്തു. അതുകൊണ്ടുതന്നെ ജോഷ്വാകീഴടക്കലിന്റെയും സ്വന്തമാക്കലിന്റെയും ഓരോ ഗോത്രങ്ങൾക്കുമായി വാഗ്ദത്തഭൂമി ഭാഗിച്ചുകൊടുക്കുന്നതിന്റെയും വിവരണങ്ങളടങ്ങിയ ഗ്രന്ഥമാണ്. ദൈവം തന്നെ വാഗ്ദാനം നിറവേറ്റുമെന്ന് ഈ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. ആദർശപരമായ ഇസ്രയേലിനെയും ആദർശപരമായ അതിന്റെ നേതൃത്വത്തെയും ജോഷ്വാ എന്ന പുസ്തകം വരച്ചുകാട്ടുന്നു.

വാഗ്ദത്ത ഭൂമി വീണ്ടെടുക്കാൻ യാഹ്വെയുടെ നിർദ്ദേശമനുസരിച്ച് എങ്ങനെയാണ് ഇസ്രയേൽ ജനം പലസ്തീനയിൽ താമസമുറപ്പിച്ചതെന്ന് ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു. യാഹ്വെയെ അനുസരിച്ചില്ലെങ്കിൽ അവർക്കു വാഗ്ദത്തഭൂമി നഷ്ടപ്പെടുമായിരുന്നു. ജോഷ്വാ എന്ന ഗ്രന്ഥത്തിലെ വിവരണത്തിൽ അബ്രഹാമിനു യാഹ്വേ നൽകിയ വാഗ്ദാനം പാലിക്കപ്പെട്ടതിനെക്കുറിച്ചുള്ള ചിത്രീകരണമാണുള്ളത്. (വാഗ്ദത്തഭൂമി അവന്റെ സന്തതി പരമ്പരകൾക്കു നൽകുമെന്നു ഉത്പ. 12; 7; 15,7 എന്നീ വാക്യങ്ങളിലും അബ്രാമിനെ വലിയൊരു ജനതയാക്കുമെന്നു ഉത്പ. 12, 2 ലും പറഞ്ഞിരുന്നു. ജോഷ്വായിലാണ് ഇസ്രായേൽ ജനതയുടെ ഈജിപ്തിൽ നിന്നുള്ള മോചനം സമ്പൂർണ്ണമാകുന്നത്. ബാബിലോണിയൻ പ്രവാസകാലത്ത് ഇസ്രായേൽ

ജനതയ്ക്ക് പ്രത്യാശ നൽകുകയെന്നതാകാം ജോഷ്വാ എന്ന ഗ്രന്ഥം രചിച്ചവരുടെ ലക്ഷ്യമെന്നു കരുതാവുന്നതാണ്. അവർക്കു പിന്തുടർച്ചാവകാശമായി ലഭിച്ച വാഗ്ദത്തഭൂമി ജോഷ്വായുടെ നേതൃത്വത്തിൽ വീണ്ടെടുത്തത് ബാബിലോണിയൻ പ്രവാസകാലത്ത് ഇസ്രയേൽ ജനതയ്ക്ക് അവരുടെ ദേശം അവർക്ക് വീണ്ടെടുക്കാനാകുമെന്ന ഓർമ്മപ്പെടുത്തലായി മാറുന്നു. ഇസ്രയേലിനോടു ദൈവം പ്രകടിപ്പിച്ച വിശ്വസ്തതയെക്കുറിച്ച് ഈ ഗ്രന്ഥം സാക്ഷ്യം നൽകുന്നു. (കാണുക. ഉത്പ. 15:18, ജോഷ്വാ 1:26-6ഉം 21:43-45 ഉം) വാഗ്ദത്തഭൂമിയുടെ അവകാശം കരഗതമാകുന്നത് ദൈവത്തിന്റെ വിശ്വസ്തതയാണെങ്കിൽ, ആദേശത്ത് വസിക്കേണ്ടതിന് ഇസ്രായേൽ ദൈവത്തോടു വിശ്വസ്തരായിരിക്കേണ്ടിയിരുന്നു. (കാണുക: നിയ 30:20) ഭാവിയിൽ ദേശം പിന്തുടർച്ചാവകാശമായി സ്വന്തമാക്കുകയെന്നത്, പുതിയനിയമത്തിലാകട്ടെ, രക്ഷാകരകർമ്മത്തിലൂടെ ആത്മീയ അനുഗ്രഹങ്ങൾ പ്രാപിക്കുകയെന്നതിനുള്ള പദപ്രയോഗമായും മാറി.

## ജോഷ്വാ മോശയ്ക്ക് ചേർന്ന പിൻഗാമി

മോശയെയും ജോഷ്വായേയും മഹത്‌വ്യക്തികളായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളത്. മോശയ്ക്ക് ചേർന്ന പിൻഗാമിയായാണ് ജോഷ്വായെ അവതരിപ്പിക്കുന്നത്. മോശ ചെയ്തകാര്യങ്ങളെല്ലാം ജോഷ്വായും ചെയ്തിട്ടുണ്ട്. ചാരന്മാരെ അയയ്ക്കൽ, ജലപരപ്പുകളെ മറികടക്കൽ, പെസഹാ ആഘോഷങ്ങൾ, ദൈവത്തെ കാണൽ, ജനങ്ങൾക്കുവേണ്ടി ദൈവതിരുമുമ്പിൽ മധ്യസ്ഥത വഹിക്കൽ, ദർശനങ്ങൾ തുടങ്ങിയവ. മോശയുടെ കല്പനകളെല്ലാം ജോഷ്വാ നിറവേറ്റുന്നുമുണ്ട്. അഭയ നഗരം നിർമ്മിച്ചു, ലേവ്യർക്കായി പട്ടണങ്ങൾ ഉണ്ടാക്കി. ബലിപീഠം നിർമ്മിച്ചു, ദേശം വീതിച്ചു നൽകി, അങ്ങനെ പലതും. മോശയുടെ തനിപ്പകർപ്പാണ് ജോഷ്വാ. ജോഷ്വായിൽ പാപം ആരോപിക്കുകയോ, കുറ്റമാരോപിക്കുകയും ചെയ്യാത്ത വിധത്തിലാണ് അദ്ദേഹത്തെ അവതരിപ്പിച്ചിട്ടുള്ളത്. തികച്ചും ആദർശവാനായ ഒരു നേതാവും ആദർശത്തിൽ അടിയുറച്ച ഒരു രാജാവിന്റെ മാതൃകയും ജോഷ്വായിലുണ്ട്. ജോഷ്വായോടൊപ്പം ദൈവസാന്നിദ്ധ്യമുണ്ടായിരുന്നു. ഇവിടെ പദോപ്തിവിഷയമായ ഭാഷാപ്രയോഗമുണ്ട് - ഒരു വ്യക്തിയുടെ പേരിന്റെയോ, സ്ഥലത്തിന്റെയോ സ്രോതസ്സ് എപ്രകാരമെന്നു വിവരിക്കുന്നതാണത്.

## ജോഷ്വാ എന്ന ഗ്രന്ഥത്തിലെ ആശയങ്ങളും പ്രധാന പദങ്ങളും

ദൈവകരുണയാലാണ്(ഹെസെദ്) വാഗ്ദത്ത ഭൂമി നൽകപ്പെട്ടത്. ഹെസെദ് എന്ന ഹീബ്രുപദത്തിന് ആധുനീക ഭാഷയിലെ ഏതെങ്കിലും ഒരു പദം മാത്രം സമാനമാവില്ല. ദൈവവുമായുള്ള നമ്മുടെ ഉടമ്പടി ബന്ധമാകട്ടെ വിശ്വസ്തതയും കരുണയും ഇഴചേർന്നുള്ള സ്നേഹത്തിൽ അടിയുറച്ചതാണ്. (ഈ ബന്ധത്തെക്കുറിച്ച് സൂചിപ്പിക്കുന്ന പദമാണ് ഹെസദ്. ഉദാഹരണങ്ങൾ : ഉത്പ. 19:19, 39:21; പുറ. 34:7, നിയ 5:10, ജോഷ്വാ 2:12 -ൽ രണ്ട് തവണ, 14; റൂത്ത് 2:20, 3:10, സങ്കീ. 17:7, 36:7, ജെറ. 9:24). യാഹ്‌വേയുടെ വിശ്വസ്തത, അചഞ്ചലമായ സ്നേഹം എന്നെല്ലാം ഹെസദ് വിവർത്തനം ചെയ്യപ്പെടുന്നുണ്ട്. ഉടമ്പടിപരമായ വിശ്വസ്തതയും സ്നേഹവും. ഉടമ്പടിയിൽ നാം പിന്മാറിയാൽ പോലും ദൈവം അത് പാലിക്കും. യാഹ്‌വെ തന്റെ വാഗ്ദാനം സഫലീകരിക്കും. യാഹ്‌വെ കരുണാമയനാണ്; പരിശുദ്ധി; സഹിഷ്ണുത കാണാനാവില്ല. ചെറിയൊരു തെറ്റിനുപോലും ശിക്ഷ കഠിനമായിരിക്കും; യാഹ്‌വേ പരമോന്നത ദൈവമാണ്. അവൻ വിജയം നല്കുന്നു. ചരിത്രത്തിന്റെ നാഥൻ അവനാണ്. ദൈവം അനുകമ്പയുള്ളവനാണ്. അവന്റെ അരികിലേക്ക് ചെല്ലുന്നവരെ അവൻ ഒരുനാളും ഉപേക്ഷിക്കുകയില്ല. നേതൃത്വം; ജോഷ്വായുടെ വിശ്വസ്തമായ നേതൃത്വം. (മോശയുടെ ദാസൻ 1, 1-കർത്താവിന്റെ ദാസൻ 24:29) ആധികാരികമായുള്ള മോശയുടെ പിൻഗാമി) (1, 5; 3, 7, 4, 14). ജോഷ്വാ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവനാണ്. ദേശം കീഴടക്കാൻ ദൈവം അദ്ദേഹത്തിന് ആത്മീയമായ ശക്തി പകർന്നു. കാനാൻകാർക്ക് എതിരെയുള്ള വിജയങ്ങൾ ജോഷ്വായുടെയോ ഇസ്രായേലിന്റെയോ അല്ല. ഈ കഥയിൽ ജോഷ്വായല്ല നായകൻ. ദൈവമാണ് യഥാർത്ഥനായകൻ. ദൈവത്തിന്റെ ശക്തി പ്രകടമാക്കാനുള്ള ഉപകരണങ്ങൾ മാത്രമാണ് ജോഷ്വായും ഇസ്രയേലിലെ ജനങ്ങളും. വിജയത്തിന്റെ എല്ലാ ബഹുമതിയും ദൈവത്തിനു മാത്രമാണ്. (നിയ 20:3-4; ജോഷ്വാ 23:3) ദൈവം കരുണാമയനും കൃപാലുവുമാണ്. കാനാൻദേശം കീഴടക്കിയത് പാപകരമായ ഈ ലോകത്തെ കീഴടക്കിയതുപോലെയാണെന്നു പറയാമെങ്കിലും ദൈവത്തിന്റെ ദൈവീകമായ ക്ഷമാശീലവും സ്ത്രീകളും പുരുഷന്മാരുമടങ്ങിയ ആബാലവൃദ്ധം പേർക്കും രക്ഷ നൽകുമെന്ന വാഗ്ദാനവും ഒരിക്കലും കുറ്റം ചെയ്തവർക്കോ, അനുതപിക്കാത്തപാപികൾക്കോ വിധിത്തീർപ്പിലല്ലാതെ വിട്ടയക്കുമെന്നു കരുതുക വയ്യ.

ജോഷ്വായിലെ നഹൽ (ക്രിയാപദം) നഹല (നാമം) എന്നീ പദങ്ങൾ പിന്തുടർച്ചാവകാശമെന്നോ, പൈതൃകമെന്നോ ജന്മാവകാശമെന്നോ പരിഭാഷപ്പെടുത്താവുന്നതാണ്. ജോഷ്വായിൽ നിരവധിതവണ

പിന്തുടർച്ചാവകാശമെന്ന അർത്ഥം വരുന്ന ഈ പദം ഉപയോഗിക്കുന്നുണ്ട്. (ഉദാഹരണത്തിന് 13-ാം അധ്യാത്തിൽ 10 തവണയും, 6, 7, 8, 14 വാക്യങ്ങളിൽ രണ്ടുതവണയും 23, 28, 32, 33 വാക്യങ്ങളിൽ രണ്ട് തവണയും 14-ാം അധ്യായത്തിൽ 1, 2, 3 വാക്യങ്ങളിൽ രണ്ടുതവണയും 9, 13, 14 വാക്യങ്ങളിലും ഈ പദപ്രയോഗമുണ്ട്.)

മറ്റ് പഴയനിയമ ഗ്രന്ഥങ്ങളിലും വാഗ്ദത്തഭൂമി ഇസ്രയേലിനുള്ള സമ്മാനമാണെന്ന രീതിയിൽ ഈ പദപ്രയോഗം കാണാം. (ഉദാഹരണത്തിനായി പുറ. 32:13; നിയ 1:38, 12:10; സങ്കീ. 105:11) ഇസ്രായേലിനെ വിശേഷിപ്പിക്കുന്നത്. ദൈവവുമായുള്ള ഉടമ്പടി പ്രകാരമുള്ള സ്നേഹം നിറഞ്ഞ പൈതൃകബന്ധമാണ് ഇവിടെയെല്ലാം കാണാനാകുക. (കാണുക. ഏശ. 19:25)

**കൈവശപ്പെടുത്തുക (ജോഷ്വാ 1:11, 15)**

ജോഷ്വായുടെ ഗ്രന്ഥത്തിൽ പൈതൃകമായി ലഭിക്കുകയെന്നതിന്റെ ദൈവശാസ്ത്രപരമായ അർത്ഥം വാഗ്ദത്തഭൂമി കൈവശപ്പെടുത്തുകയെന്നതാണ്. അതിനു കാരണമാകുന്നതാകട്ടെ ജോഷ്വായും. ഇതൊരു ദൈവശാസ്ത്രപരമായ ആശയമാണ്. പുതിയ ഉടമ്പടിയിൽ പ്രധാനമെന്നു പറയുന്നത് വാഗ്ദാനം ചെയ്യപ്പെട്ട നിത്യരക്ഷയെന്ന ആത്മീയാനുഗ്രഹങ്ങൾ നാംകൈവശപ്പെടുത്തുന്നത് നമ്മുടെ രക്ഷകനായ യേശു ക്രിസ്തുവിലൂടെയാണ്.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടുന്നു കാരുണ്യാതിരേകത്താൽ മരിച്ചവരിൽ നിന്നുള്ള ഉത്ഥാനം വഴി സജീവമായ പ്രത്യാശയിലേക്കും നിങ്ങൾക്കായി സ്വർഗത്തിൽ കാത്തു സൂക്ഷിക്കപ്പെടുന്ന അക്ഷയവും കളങ്കരഹിതവും ഒളിമങ്ങാത്തതുമായ അവകാശത്തിലേക്കും നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു. അവസാനകാലത്തു വെളിപ്പെടുത്താനായി തയ്യാറാക്കിയിരിക്കുന്ന രക്ഷയ്ക്കുവേണ്ടി ദൈവശക്തിയാൽ വിശ്വാസം വഴി നിങ്ങൾ കാത്തു സൂക്ഷിക്കപ്പെടുന്നു. (പത്രോ 1:3-5) നിത്യരക്ഷ സ്വന്തമാക്കുന്നതിനെക്കുറിച്ചുള്ള ആശയം അപ്പ 26:18; എഫേ 1:11, 14, 18; 5:5 ; ഹെബ്രാ. 9:15 എന്നിവിടങ്ങളിൽ കാണാം.

ഇസ്രായേലിന്റെ മക്കൾക്ക് ഉള്ളതാണ് കൈവശപ്പെടുത്തുക എന്നതിൽ ഉൾപ്പെട്ടിട്ടുള്ള ധാർമ്മികബാദ്ധ്യത, ദൈവം അവരുടെ പൂർവികർക്ക് വാഗ്ദാനം ചെയ്ത വാഗദത്തഭൂമി സ്വന്തമാക്കുക യെന്നതുമാത്രമല്ല, സീനായ് ഉടമ്പടിയനുസരിച്ചുള്ള ദൈവാനുഗ്രഹങ്ങൾ കൈവശപ്പെടുത്തുകയെന്നതു കൂടിയാണ്. വാഗ്ദത്തഭൂമി ഒരു സമ്മാനമാണ്, അതുപോലെ തന്നെ അതൊരു ദൗത്യവുമാണ്. കാരണം അവർ കൽപ്പനകളനുസരിച്ച് ജീവിക്കാൻ കടപ്പെട്ടവരാണ്.

**അധ്യായം 1. ദേശത്തേയ്ക്ക് പ്രവേശിക്കാൻ സന്നദ്ധരാകുന്നു.**

കർത്താവിന്റെ ദാസനായ മോശയുടെ മരണത്തിനുശേഷം അവന്റെ സേവകനും, നൂനിന്റെ പുത്രനുമായ ജോഷ്വായോട് കർത്താവ് അരുളിച്ചെയ്തു. എന്റെ ദാസൻ മോശ മരിച്ചു. നീയും ജനം മുഴുവനും ഉടനെ തയ്യാറായി ജോർദ്ദാൻ നദി കടന്ന് ഞാൻ ഇസ്രായേൽ ജനത്തിനു നൽകുന്ന ദേശത്തേക്കു പോവുക. മോശയോട് വാഗ്ദാനം ചെയ്തിട്ടുള്ളതുപോലെ, നിങ്ങൾ കാലുകുത്തുന്ന ദേശമെല്ലാം നിങ്ങൾക്കു തരും. (1:1-3) കർത്താവ് ജോഷ്വായോട് അരുളിചെയ്തുഎന്ന പദപ്രയോഗം (നേരിയ വ്യത്യാസങ്ങളോടെയാണെങ്കിലും) ജോഷ്വായുടെ ഗ്രന്ഥത്തിൽ 12 തവണ കാണാൻ കഴിയും. (1:1; 3:7; 4:1; 8:15; 5:2; 6:2; 7:10; 8:1; 18; 10:8, 11:6).

എന്റെ ദാസനായ മോശ നൽകിയിട്ടുള്ള എല്ലാ നിയമങ്ങളും അനുസരിക്കുകയും ശക്തനും ധീരനുമായിരിക്കുകയും ചെയ്യുക. അവയിൽ നിന്നു ഇടംവലം ചലിക്കരുത്. നിന്റെ ഉദ്യമങ്ങളിലെല്ലാം നീ വിജയംവരിക്കും (1:7) ജോഷ്വായ്ക്കുമുന്നിലുള്ള കർത്താവും ഏറെ വിഷമകരമായിരുന്നു. ജനങ്ങളെ യുദ്ധത്തിലേക്ക് നയിക്കേണ്ടിയിരുന്നു. ജോഷ്വായെ അനുഗമിക്കാൻ ജനങ്ങൾ മനസ്സിൽ ഉറപ്പിച്ചിരുന്നു. (1:16-18) ചഞ്ചലഹൃദയരായ ഇതേ ജനങ്ങളാണ് മരുഭൂമിയിൽ വച്ച് മോശക്കെതിരെ പിറുപിറുത്തത്. യുദ്ധത്തെ അഭിമുഖീകരിക്കുമ്പോൾ അവർ എത്രത്തോളം മികച്ചവരായിരിക്കും? എന്നാൽ, പരിഭ്രമിക്കേണ്ടതില്ലെന്നു ജോഷ്വായ്ക്ക് ദൈവം ഉറപ്പുനൽകി. അവൻ പോകുന്നിടത്തെല്ലാം ദൈവം അവനെ അനുഗമിക്കുമെന്നും തന്റെ ജനത്തിനു വാഗ്ദത്തഭൂമി നൽകുമെന്ന വാഗ്ദാനം പാലിക്കുമെന്നും ദൈവം ഉറപ്പു നൽകിയിരുന്നു.

**അധ്യായം 2 : ജെറീക്കോയിലേക്ക് ചാരന്മാർ**

ദേശം കീഴടക്കുവാൻ സമുദായസഹോദരങ്ങളെ സഹായിക്കുമെന്ന റൂബൻ, ഗാദ്, മനാസെയുടെ അർധ ഗോത്രം എന്നിവരെ ഓർമ്മിപ്പിച്ച ജോഷ്വാ, സ്ഥിതിഗതികൾ നിരീക്ഷിക്കുവാനായി ചാരന്മാരെ അയച്ചു. അവൻ ജെറീക്കോ നഗരത്തിൽ പ്രവേശിച്ചു. റാഹാബ് എന്ന വേശ്യയുടെ ഭവനത്തിൽ ഒളിച്ചിരുന്നു. 40 വർഷമായി ഇസ്രയേല്യരെ ഭയപ്പെട്ടുകഴിയുകയാണ് നഗരവാസികളെന്നു റാഹാബ് പറഞ്ഞു. ചെങ്കടൽ അത്ഭുതകരമായി മറികടന്നതും അമോര്യരാജാക്കന്മാരായ സീഹോൻ, ഓഗ് എന്നിവരെ കീഴടക്കിയതുമാണ് ഇസ്രയേല്യരെ ഭയപ്പെടാൻ നഗരവാസികൾക്ക് കാരണമായത്. മരുഭൂമിയിൽ അലഞ്ഞ 40 വർഷവും ഇസ്രായേൽ ഭയപ്പെട്ടിരുന്ന കാദെഷ് - ബർണയ എന്നിവിടങ്ങളിലെ രാക്ഷസസദൃശ്യമുള്ള മനുഷ്യർ അവരെ ഭയപ്പെട്ടുകഴിയുകയാണത്രെ!

റാഹാബിന്റെ കഥ നമ്മെ ഓർമ്മിപ്പിക്കുന്നത് ആരും രക്ഷയുടെ രാജ്യത്തിൽ നിന്നു പുറത്തല്ലെന്നതാണ്. യാഹ്‌വെ വിശ്വസിക്കാത്ത വിജാതീയരെയാണ് റാഹാബ് പ്രതീകവത്ക്കരിക്കുന്നത്. ദൈവം വിജാതിയരിലൂടെയും തന്റെ പദ്ധതി സഫലീകരിക്കുന്നു. പാപകരമായ ജീവിതം നയിച്ചിട്ടും യാഹ്‌വെയെ അംഗീകരിക്കുന്നവരുടെ പ്രതീകമാണ് റാഹാബ്.

മൂന്ന് ദിനങ്ങൾ 2:16ലും 22ലും സൂചിപ്പിക്കുന്നുണ്ട്. (കാണുക: 1:1 ഉം 3:2ൽ 4 പ്രാവശ്യവും) ജോർദ്ദാൻ നദി മൂന്നു ദിവസത്തിനുള്ളിൽ കടക്കണമെന്നു ജോഷ്വാ പറയുന്നു. (ജോഷ്വാ 1:10-11) രക്ഷാകര ചരിത്രത്തിൽ മൂന്ന് എന്ന സംഖ്യയ്ക്ക്, ഏറെ പ്രാധാന്യമുണ്ട്. ഉദാ: തന്റെ മകനായ ഇസഹാക്കിനെ ബലിയർപ്പിക്കാനുള്ള സ്ഥലമായ മോറിയ, മലയിലേക്ക് മൂന്നു ദിവസം യാത്ര ചെയ്യണമെന്ന് അബ്രാഹത്തിനോട് അറിയിക്കുന്നു. (ഉത്പ. 22:5) റൂബൻ, ലേവി ഗോത്രങ്ങൾ ആക്രമിച്ചപ്പോൾ ഇസ്രായേലിലെ 12 ഗോത്രങ്ങൾ പരിച്ഛേദനം ചെയ്യാൻ സമ്മതിക്കുന്ന ഉടമ്പടിക്ക് ഷെക്കെമിലെ പുരുഷന്മാർ വഴങ്ങിയത് മൂന്നാംദിവസമാണ്. (ഉത്പ. 34:25) ഫറവോയുടെ പാനപാത്രവാഹകന്റെയും പാചകക്കാരന്റെയും സ്വപ്നങ്ങൾക്കു ജോസഫ് നൽകുന്ന വ്യാഖ്യാനത്തിൽ മൂന്നു ദിവസങ്ങൾ നീളുന്ന ഇടവേളകളുണ്ട് (ഉത്പ. 40: 12-23) ഇസ്രയേല്യർ സീനായ് മലയിൽ എത്തിയപ്പോൾ ദൈവത്തെ ദർശിക്കുന്നതിനുമുമ്പ് മൂന്ന് ദിവസങ്ങൾ ഒരുങ്ങണമെന്ന് പറഞ്ഞു. (പുറ. 19:11) യോനാപ്രവാചകൻ ഭീമൻ മത്സ്യത്തിന്റെ ഉള്ളിൽ കുടുങ്ങിയത് മൂന്നു ദിവസങ്ങളായിരുന്നു (യോനാ. 2:1-2) മത്സ്യത്തിന്റെ ഉള്ളിൽ നിന്നു പുറത്തുവന്ന യോനാ മൂന്നുദിവസം നിനെവേ നഗരത്തിലൂടെ നടന്നു (യോഹാ 3:3) യേശു പ്രവചിച്ചത്, താൻ മൂന്നുദിവസം ഭൂമിക്കുള്ളിലായിരിക്കുമെന്നാണ്. (മത്താ. 12:40; 16:21; 17:23; 20:19; മർക്കോ. 8:31; 9:32; 10:34; ലൂക്കാ. 9:22; 18:31) മൂന്നാം ദിവസം യേശു മരിച്ചവരിൽ നിന്നു ഉയിർത്തു. (മത്താ, 17:23; മർക്കോ. 16; 1:6; ലൂക്കാ 24:1-3; യോഹ 20:1)

**അധ്യായം : 3 ജോർദ്ദാൻ നദി കടക്കുന്നു**

ജോർദ്ദാൻ നദി കടക്കാനായി നിൽക്കവേ അവർ ജനങ്ങളോട് കൽപ്പിച്ചു ലേവ്യ പുരോഹിതന്മാർ നിങ്ങളുടെ ദൈവമായ കർത്താവിന്റെ വാഗ്ദാനപേടകം സംവഹിക്കുന്നതു കാണുമ്പോൾ നിങ്ങൾ അവരെ അനുഗമിക്കുവിൻ (3:3) ദൈവത്തിന്റെ വാഗ്ദാനപേടകം കൊണ്ടു ജോഷ്വാ ജലത്തെ വിഭജിച്ചു. മോശയുമായുള്ള ഉടമ്പടിയുടെ പ്രതീകമെന്നതുപോലെ ദൈവത്തിന്റെ വാഗ്ദാനപേടകം നിലകൊണ്ടു (3:8-10)

എന്നാൽ ഇ ൗ വഴിയിലൂടെ ഇതിനുമുമ്പ് നിങ്ങൾ പോയിട്ടില്ലാത്തതിനാൽ പോകേണ്ടവഴി അവർ നിങ്ങൾക്കു കാണിച്ചുതരും. നിങ്ങൾക്കും വാഗ്ദാനപേടകത്തിനും ഇടയ്ക്ക് രണ്ടായിരം മുഴം അകലം ഉണ്ടായിരിക്കണം. (3:4) ഇസ്രയേലിന്റെ മക്കൾ ആയിരം ഗജം പിന്നിലായിരിക്കണമെന്നു ദൈവം നിർദ്ദേശിച്ചു. ഒന്നാമതായി വാഗ്ദാനപേടകത്തിന്റെ പരിശുദ്ധമായ സഹജഗുണത്തെ ആദരിക്കുന്നതിനുവേണ്ടിയും വാഗ്ദാനപേടകം എല്ലാവർക്കും വ്യക്തമായി കാണാൻ കൂടിയുമായിരുന്നു ഇത്.

ഇസ്രയേല്യർ ജോർദ്ദാൻ നദി കടന്ന ആ നാളുകളിൽ നദി ഏറെ ആഴമുള്ളതും ഒഴുക്ക് തീവ്രതയുള്ളതുമായിരിക്കും (3:15) പെട്ടെന്ന് താഴേക്ക് കുത്തിയൊഴുകിയ നദിയിലെ പ്രവാഹംനിലച്ചു. ഇസ്രായേല്യർ ജനപദത്തിനു 40 വർഷം മുമ്പ് ചെങ്കടൽ രണ്ടായി വഴിമാറിയ അത്ഭുതം ഓർമ്മവന്നു. ഈജിപ്തിന്റെ അടിമത്തത്തിൽ നിന്ന് ദൈവം ഒരു അദ്ഭുതത്തിലൂടെ ഇസ്രായേലിനെ മോചിപ്പിച്ചു. വാഗ്ദത്തഭൂമിയിലേക്കും ഒരു അത്ഭുതത്തിലൂടെ ദൈവം അവരെ കൈപിടിച്ചു നടത്തി. ദൈവത്തിന്റെ

വാഗ്ദത്തപേടകം വഹിച്ച പുരോഹിതന്മാർ ജനങ്ങൾ മുഴുവൻ നദി കടക്കുന്നതുവരെ നദിയിലെ വരണ്ടനിലത്ത് നിലകൊണ്ടു. മുഴുവൻ ജനവും നദികടക്കുന്നതുവരെ ദൈവസാന്നിധ്യത്തിന്റെ പോലെയായിരുന്നു ഈ രംഗം.

## ചെങ്കടലും ജോർദ്ദാൻ നദിയും കടന്നതിലെ താരതമ്യവിചിന്തനം

പുറപ്പാടിലെ ഈജിപ്തിൽ നിന്നുള്ള മോചനവും, ജോർദ്ദാൻ നദികടന്ന് വാഗ്ദാനഭൂമിയായ കാനാനിൽ പ്രവേശിക്കുന്നതുമായ അത്ഭുതങ്ങൾ: ചെങ്കടലിലെയും ജോർദ്ദാൻ നദിയിലെയും ജലം ദൈവം അത്ഭുതകരമായി വിഭജിക്കുകയായിരുന്നു. ഇരുവശത്തും ജലം ഭിത്തിപോലെ ഉയർന്ന് വേറിട്ട് നിലകൊണ്ടു. (പുറ. 14:21-22; ജോഷ്വാ 3:16) പുറപ്പാടിലെ അത്ഭുതത്തിൽ മേഘസ്തംഭമായിരുന്നു ദൈവസാന്നിധ്യത്തിന്റെ പ്രതീകം. ജോർദ്ദാൻ നദി കടക്കുമ്പോഴാകട്ടെ, ദൈവം വസിക്കുന്ന വാഗ്ദാനപേടകം തന്റെ ജനത്തോടൊപ്പമായിരിക്കാൻ അവിടുന്ന് തീരുമാനിച്ചു. (പുറ. 14:19; പുറ. 25:22, ജോഷ. 3:3; 18, 14) ജനം വരണ്ട നിലത്തുകൂടി മറുകര കടന്നു ഇസ്രയേല്യരെ ജോർദ്ദാൻ നദി കടക്കുമ്പോൾ ശത്രുക്കൾ പിന്തുടരുന്നുണ്ടായിരുന്നു. അവരുടെ ശത്രുക്കൾ (പുറ. 14:6, ജോഷ്വാ 1:15, 3:17) പുറപ്പാടിലെന്നതുപോലെ ഇസ്രയേല്യരെ ജോർദ്ദാൻ നദി കടക്കുമ്പോൾ ശത്രുക്കൾ പിന്തുടരുന്നുണ്ടായിരുന്നില്ല; (പുറ. 14:7) ഈ രണ്ട് അത്ഭുതങ്ങളും സംഭവിക്കുന്നത് വസന്തകാലത്തിലാണ്. (പുറ. 13:4; ജോഷ്വാ 3:5) ജോർദ്ദാൻ നദി കടക്കവേ ആൾനാശമൊന്നുമുണ്ടാകുന്നില്ല. എന്നാൽ ചെങ്കടലിൽ ജലം വീണ്ടും ഒരുമിച്ചു കൂടിയപ്പോൾ ഈജിപ്തിന്റെ കുതിരകളും കുതിരപ്പടയാളികളും മുങ്ങിച്ചത്തു. (പുറ. 14:27-28)

## അധ്യായം 4 : 12 കല്ലുകൾ കൊണ്ടുള്ള സ്മാരകശിലകൾ

ജനം ജോർദ്ദാൻ നദി കടന്നു കഴിയുമ്പോൾ ദൈവം ജോഷ്വായോടു നദി കടന്നതിനായുള്ള സ്മാരകം തീർക്കാൻ ആവശ്യപ്പെട്ടു. വാഗ്ദാനപേടകം വഹിച്ചുകൊണ്ടു പുരോഹിതന്മാർ ജോർദ്ദാന്റെ നടുവിൽ നിന്നിരുന്ന സ്ഥലത്തുനിന്നാണ് കല്ലുകൾ കൊണ്ടുവന്നത്. സ്മാരകശിലകൾ സ്ഥാപിക്കുന്നതിന്റെ ലക്ഷ്യമെന്നു പറയുന്നത് ചെങ്കടലിൽ നടന്ന അത്ഭുതത്തെ സൂചിപ്പിക്കാൻ വേണ്ടിയായിരുന്നു. അവ ദൈവത്തിന്റെ ശക്തി എന്തെന്നു എല്ലാ ജനങ്ങൾക്കും വെളിപ്പെടുത്തി. (4:23-24. കാണുക: പുറ. 14:4, 18) അവ മൂലം ജനം ദൈവത്തെ ഭയപ്പെടാനിടയാക്കി (4:24, കാണുക: പുറ. 14:31) ദൈവത്തിൽ വിശ്വസിക്കുകയെന്നാൽ ദൈവത്തെ ഭയപ്പെടുക എന്നർത്ഥത്തിലുള്ള പൊതുവായ പദപ്രയോഗം പഴയനിയമ ഗ്രന്ഥങ്ങളിൽ കാണാം.

ഒന്നാംമാസം പത്താംദിവസമാണ് ജനം ജോർദ്ദാനിൽ നിന്നുകയറി ജെറീക്കോയുടെ കിഴക്കേ അതിർത്തിയിലുള്ള ഗിൽഗാലിൽ താവളമുറപ്പിച്ചത് (4:19) പെസഹാക്കുഞ്ഞാടുകളെ തയ്യാറാക്കി ഈജിപ്തിൽ നിന്നു ഇസ്രായേൽ ജനത്തോടു പുറപ്പെടാൻ ദൈവം നിർദ്ദേശിച്ച ആദ്യമാസത്തിലെ പത്താംദിവസമെന്നു കണക്കാക്കുമ്പോൾ, കൃത്യമായി അത് 40 വർഷം മുമ്പായുള്ള ദിനമാണ്. (പുറ. 12:3) വാഗ്ദത്തഭൂമി പൂർണ്ണമായി പിടിച്ചടക്കാൻ ഗിൽഗാലിലാണ് അവർ താവളമുറപ്പിച്ചത്.

## അബീബ്/നിസ്സാൻ മാസത്തിന്റെ പത്താംദിവസം സംഭവിച്ച മൂന്നു പ്രധാനപ്പെട്ട കാര്യങ്ങൾ

1. ഈജിപ്തിൽ ആദ്യ പെസഹായ്ക്കുള്ള ബലിമൃഗങ്ങളെ തെരഞ്ഞെടുത്തത്.
2. ജോഷ്വാ 40 വർഷങ്ങൾക്കുശേഷം കാനാൻ ദേശത്തേക്ക് ജോർദ്ദാൻ നദി കടന്നദിനം
3. ലോകത്തിന്റെ പാപങ്ങൾ പോക്കാനായി ദൈവത്തിന്റെ ബലിയാടായി യേശു ഓശാന ഞായറാഴ്ച ജെറുസലെമിൽ പ്രവേശിക്കുന്നദിനം.

## വാഗ്ദാന പേടകം

വാഗ്ദാനപേടകത്തെക്കുറിച്ച് നാലാം അധ്യായത്തിൽ ഏഴ് തവണ സൂചിപ്പിക്കുന്നുണ്ട്. അതിന്റെ ആകൃതിയും പ്രവർത്തനങ്ങളുമെല്ലാം അതിന്റെ സംജ്ഞയിൽ ഉള്ളടങ്ങിയിട്ടുണ്ട്.

1. ഉടമ്പടിപേടകം (വാക്യം 9) : ഇസ്രായേലിന്റെ വാഗദത്ത ജനമെന്ന വിശേഷണം ഇവിടെ ദൃശ്യമായ സൂചകമാണ്.
2. പേടകം (വാക്യം 10) : ഹീബ്രുവിൽ ഈ പദത്തിന്റെ അർത്ഥം പെട്ടിയെന്നോ വലിയ പെട്ടകമെന്നോ ആണ്.
3. യാഹ്വെയുടെ പേടകമെന്നു മൂന്നുതവണ പറയുന്നു : (വാക്യങ്ങൾ 5, 11, 18) : തന്റെ ജനത്തിനും ദൈവദൂതന്മാർ നിലകൊള്ളുന്ന പേടകത്തിലെ കൃപാസനമദ്ധ്യേയായി ദൈവം വസിക്കുന്നു.

4. യാഹ്വെയുടെ ഉടമ്പടി പേടകം (വാക്യം 7) : ഇസ്രായേൽജനവുമായുള്ള യാഹ്വെയുടെ അതിവിശിഷ്ടമായ ഉടമ്പടിയുടെ ദൃശ്യമായ അടയാളമാണിത്.

5. സാക്ഷ്യപേടകം (വാക്യം 16) : ഉടമ്പടി രേഖകൾ, ദൈവം കൈകൊണ്ട് എഴുതിയ ശിലാഫലകങ്ങൾ.

**എന്തുകൊണ്ടാണ് വാഗ്ദത്തപേടകം ഇസ്രായേലിന്റെ ദേശീയ സമ്പത്താകുന്നത്?**

ഇസ്രായേലിൽ കുടികൊള്ളുന്ന ഉടമ്പടിപേടകം ഏറെ വിലപിടിപ്പുള്ളതായി അവർ കരുതുന്നു. മൂന്ന് ലക്ഷ്യങ്ങളാണ് ഇതിനുള്ളത് : (എ) ശിലയിൽ രേഖപ്പെടുത്തിയ 10 കൽപനകൾ ഉള്ളടക്കം ചെയ്തിരുന്ന ഒരു പേടകമാണിത്. (പുറ. 25: 10, 15, 40, 20) (ബി) തന്റെ ജനത്തിനു മദ്ധ്യേ ദൈവം വസിക്കുന്ന ഇടം. കൃപാസനമെന്നാൽ ദൈവത്തിന്റെ ഭൗമിക സിംഹാസനമെന്നർത്ഥം. യോംകിപ്പൂർദിനത്തിൽ (പാപപരിഹാരദിനം) യാഹ്വെയുടെ ഏറ്റവും പരിശുദ്ധമായ ബലിപീഠമാണിത്. മുഖ്യപുരോഹിതൻ എല്ലാ ജനങ്ങളുടെയും പാപങ്ങൾക്കായി വാർഷിക പാപപരിഹാര ബലിയർപ്പിക്കുന്നത് ഇവിടെയാണ്. (ലേവ്യ 16:2, 11–16)

**അധ്യായം 5 : പരിച്ഛേദനാപരവും പെസഹാ ആചാരങ്ങളും**

മരുഭൂമിയിൽ അലഞ്ഞ 40 വർഷങ്ങൾക്കുള്ളിൽ ഇസ്രയേലിന്റെ മക്കളാരും തന്നെ പരിച്ഛേദനം നടത്തിയിരുന്നില്ല. ഇപ്പോൾ ദൈവം പരിച്ഛേദനം നടത്തണമെന്ന് കൽപ്പിച്ചു. (5:2–5) മേശയുടെ നിയമം പാലിച്ചാൽ മാത്രമേ ജോഷ്വായ്ക്ക് വിജയം നേടാനാകൂ എന്ന് ദൈവം ഉപാധിവയ്ക്കുന്നുണ്ട്. (1:7) അതുകൊണ്ടുതന്നെ മരുഭൂമിയിൽ വച്ചു പിറന്ന എല്ലാ പുരുഷന്മാരും പരിച്ഛേദനം ചെയ്യേണ്ടത് ആവശ്യമായിരുന്നു. അബ്രാഹത്തിന്റെ പരിച്ഛേദനം ചെയ്യേണ്ടത് ആവശ്യമായിരുന്നു. അബ്രാഹത്തിന്റെ ഉടമ്പടിയനുസരിച്ചും ഛേദനാചാരം പാലിക്കേണ്ടിയിരുന്നു. (ഉത്പ 17) വർഷം തോറുമുള്ള ഇസ്രയേല്യരുടെ പെസഹാ ആചരണത്തിന് ഇത് അനിവാര്യമായിരുന്നു. (പുറ. 12) പരിച്ഛേദനംമൂലം യുദ്ധം ചെയ്യുവാൻ കെൽപ്പുള്ള എല്ലാ പുരുഷന്മാരും പൂർണ്ണമായി മുറിവേറ്റവരും, സൗഖ്യം ലഭിക്കുന്നതുവരെയുള്ള നിരവധി ദിനങ്ങളിൽ യുദ്ധം ചെയ്യാൻ കഴിയാത്തവരുമായി. (5:8 ഉത്പ. 34 : 24–25 ഉം കാണുക) അവരുടെ അറിവിലല്ല, ദൈവത്തിലാണ് പൂർണ്ണമായി വിശ്വസിക്കേണ്ടതെന്ന അവസ്ഥയിലാണ് അവർ.

അടുത്തതായി, വാഗ്ദത്തഭൂമിയിൽ ഇസ്രയേലിന്റെ മക്കൾ ആദ്യത്തെ പെസഹ, ആചരിക്കുകയാണ്. പെസഹാ ആചാരത്തെ തുടർന്ന് വാഗ്ദത്തഭൂമിയിലെ ഫലങ്ങൾ ഇതാദ്യമായി അവർ ഭക്ഷിക്കുന്നു. അടുത്തദിനമാകട്ടെ, മന്നാ പൊഴിക്കുന്നത് നിർത്തുകയാണ്.

ജെറീക്കോയെ സമീപിച്ചപ്പോൾ, ജോഷ്വാ, കണ്ണുകളുയർത്തി നോക്കി, അപ്പോൾ കയ്യിൽ വാളുമായി അതാ ഒരു മനുഷ്യൻ. (5:13) ജെറീക്കോയ്ക്ക് സമീപം, ജോഷ്വാ ശത്രു സൈന്യനീക്കങ്ങൾ നിരീക്ഷിക്കുകയും യുദ്ധതന്ത്രങ്ങൾ ആസൂത്രണം നടത്തുകയും ചെയ്യുമ്പോഴാണ് കർത്താവിന്റെ സൈന്യാധിപനെന്നു സ്വയം പരിചയപ്പെടുത്തിയ മനുഷ്യനെ കാണുന്നത് (കാണുക : 1 രാജാ. 22:19; 2 രാജാ 6 :8–17; സങ്കീ. 148:2; മത്താ 26:53; ഹെബ്രാ 1:14) നിന്റെ ചെരിപ്പുകൾ അഴിച്ചുമാറ്റുക (വാക്യം 15) എന്ന നിർദ്ദേശം കേട്ടപ്പോൾ തന്നെ മോശയ്ക്ക് കത്തുന്ന മുൾപ്പടപ്പിനുള്ളിൽ കാണപ്പെട്ട ദൈവം തന്നെയാണെന്നു ജോഷ്വായ്ക്കു മനസ്സിലായി. (പുറ. 3:5)

ജോഷ്വാ അവന്റെ അടുത്തു ചെന്നു : നീ ഞങ്ങളുടെ പക്ഷത്തോ ശത്രുപക്ഷത്തോ, എന്നു ചോദിച്ചു. (5:13) എപ്പോഴും കൂടെയുണ്ടാകുമെന്ന് ദൈവം ജോഷ്വായോടു പറഞ്ഞിരുന്നു. ജനങ്ങളെ നയിക്കാൻ ദൈവം ഒപ്പമുണ്ടാകുമെന്ന് ജോഷ്വായെ അറിയിച്ചിരുന്നു. തന്റെ ആദ്യയുദ്ധത്തിലെ പ്രഥമ ഏറ്റുമുട്ടലിൽതന്നെ, ഈ യുദ്ധം കർത്താവിന്റേതാണെന്ന് ജോഷ്വാ തിരിച്ചറിയുകയാണ്. കർത്താവ് തന്റെ പക്ഷത്തല്ലെങ്കിലും, തനിക്ക് ദൈവത്തിന്റെ പക്ഷത്തു നിന്നേ തീരൂ എന്ന് ജോഷ്വായ്ക്കു മനസ്സിലായി. ഇസ്രായേലിനു വളരെ പെട്ടെന്നുതന്നെ ആ സത്യം ഗ്രഹിക്കാൻ കഴിയും. എപ്പോഴെല്ലാം ദൈവം അവരുടെ പക്ഷത്തുണ്ടായിരുന്നുവോ അപ്പോഴെല്ലാം ഇസ്രായേൽ വിജയം രുചിച്ചു. ദൈവത്തിന്റെ നേതൃത്വം പിന്തുടരാതിരുന്നപ്പോഴെല്ലാം ഇസ്രായേൽ പരാജയപ്പെട്ടു.